# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:387 27.06.2012 - ൽ മറുപടിക്ക്

## തിരുവനന്തപുരം നഗരത്തിലെ പൈപ്പ് പൊട്ടൽ

**ചോദ്യം**

ശ്രീ. ബി. സത്യൻ
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ
ശ്രീ. രാജു എബ്രഹാം
ശ്രീ. വി. ശിവൻകുട്ടി

**മറുപടി**

ശ്രീ. പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) തിരുവനന്തപുരം നഗരത്തിലും സമീപപ്രദേശങ്ങളിലും പൈപ്പ് പൊട്ടി കുടിവെള്ള വിതരണം താറുമാറാകുന്നത് പരിഹരിക്കുന്നതിനായി എന്തെങ്കിലും പദ്ധതി കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നുവോ; വിശദമാക്കാമോ ; | (എ) തിരുവനന്തപുരം സിറ്റിയിലും സമീപ പ്രദേശങ്ങളിലും അടിക്കടി ഉണ്ടാകുന്ന പൈപ്പ് പൊട്ടൽ പ്രശ്നം പരിഹരിക്കുന്നതിന് പഴയ പൈപ്പുകൾ മാറ്റി പകരം പുതിയ പൈപ്പുകൾ ഇടുന്നതിനുള്ള ടെണ്ടർ പരിശോധിച്ചു വരുന്നു. സംസ്ഥാനത്തിന്റെ വിവിധ വാട്ടർ സപ്ലൈ സ്കീമുകളിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിലേക്ക് 65 കോടി രൂപ 2011-12 ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതിൽ അരുവിക്കര മുതൽ പേരൂർക്കട വരെയുള്ള ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ 1200 എം.എം എംഎസ് പൈപ്പ് ഉപയോഗിച്ച് മാറ്റുന്നതിനുള്ള (ജി.ഒ(എം.എസ്) നമ്പർ 10/2012/ഡബ്ല്യു.ആർ.ഡി തീയതി 09.03.2012 പ്രകാരം) പദ്ധതിയ്ക്കായി 4911 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ബി) 13.10.2011-ൽ ചേർന്ന യോഗത്തിൽ പൈപ്പ് ലൈൻ റൂട്ടിനെക്കുറിച്ചും പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ചും വിശദമായി ചർച്ച ചെയ്തു. 17.12.2011-ൽ വാട്ടർ അതോറിറ്റി ചെയർമാൻ ശ്രീ.വി.ജെ.കുര്യന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡി.ഐ. പൈപ്പിനു പകരം സിമന്റ് ലൈനിങ്ങോടു കൂടിയ എം.എസ് പൈപ്പുകൾ ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. |
| (സി) കഴിഞ്ഞ വർഷം എന്ത് തുക യാണ് ഇതിനായി നീക്കിവെച്ചിരുന്നത്; 2012 മാർച്ച് 31 വരെ എന്ത് തുക ചെലവഴിച്ചു ? | (സി) കഴിഞ്ഞ വർഷം 50 ലക്ഷം രൂപ നീക്കി വച്ചിരുന്നു. 09.03.2012-ൽ ഭരണാനുമതി നൽകിയ തിരുവനന്തപുരം സിറ്റിയിലെ മേൽ പ്രസ്താവിച്ച പദ്ധതിക്ക് ഇതുവരെ യാതൊരു തുകയും ചെലവാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ